## 14-ാം കേരള നിയമ സഭ

## 4-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3701** **14.03.2017-ൽ മറുപടിയ്ക്ക്**

## എറണാകുളം നേഴ്സിംഗ് കോളേജിലെ താത്ക്കാലിക നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ :** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം മെഡിക്കൽ കോളേജിനോട് അനുബന്ധിച്ചുള്ള നേഴ്സിംഗ് കോളേജ് ഏറ്റെടുത്ത സമയത്ത് അവിടെ ഉണ്ടായിരുന്ന താത്ക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് തീരുമാനം എടുക്കാൻ ഏതെങ്കിലും കമ്മിറ്റിയെ നിയമിച്ചിരുന്നോ; എങ്കിൽ കമ്മിറ്റി ഇക്കാലയളവിൽ ഏതെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ ; | (എ) | എറണാകുളം മെഡിക്കൽ കോളേജിനോട് അനുബന്ധിച്ചുള്ള നഴ്സിംഗ് കോളേജിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച തീരുമാനമെടുക്കുന്നതിനായി, എറണാകുളം മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ചിരുന്ന സമിതിയെ തന്നെ ചുമതലപ്പെടുത്തി 22.04.2014 ലെ സ.ഉ(കൈ) നം.120/14/ആ.കു.വ. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ നേഴ്സിംഗ് കോളേജ് ഏറ്റെടുക്കുന്ന സമയത്ത് അവിടെയുണ്ടായിരുന്ന താല്ക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് തീരുമാനമെടുക്കാൻ പ്രത്യേക കമ്മിറ്റിയെ നിയമിച്ചിട്ടില്ല. |
| (ബി) | താത്ക്കാലികക്കാരെ ആരെയെങ്കിലും റെഗുലറൈസ് ചെയ്തിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാം ; | (ബി) | താല്ക്കാലിക ജീവനക്കാരെ ആരെയും റഗുലറൈസ് ചെയ്തിട്ടില്ല. |

| | |
|---|---|
| (സി) നേഴ്സിംഗ് കോളേജ് സീനിയർ ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ; | (സി) ഇപ്പോൾ നിലവിലില്ല |
| (ഡി) ഇല്ലെങ്കിൽ റാങ്ക് ലിസ്റ്റ് കാൻസൽ ആകുന്നതിനു മുമ്പ് നിലവിലുണ്ടായിരുന്ന വേക്കൻസികൾ റിപ്പോർട്ട് ചെയ്യാത്തതു മൂലം റാങ്ക് ലിസ്റ്റിലുണ്ടായിരുന്ന എത്ര പേർക്ക് പ്രസ്തുത ജോലി ലഭിക്കാതെ പോയിട്ടുണ്ട്; എത്ര പേരുടെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്; അതിൽ എന്ത് തീരുമാനമെടുത്തു എന്ന് അറിയിക്കുമോ? | (ഡി) റാങ്ക് ലിസ്റ്റ് കാലാവധി പൂർത്തിയാകും മുൻപ് തന്നെ വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**